# ആരോഗ്യ കേരളം

arogyakeralam newsletter

March 2025

Follow us on

arogyakeralam.gov.in


## കാൻസർ പ്രതിരോധത്തിന്റെ കേരള മോഡൽ

# ആരോഗ്യം ആനന്ദം ജനകീയ കാമ്പയിന് തുടക്കമായി

## രോഗ സാധ്യതയുള്ള എല്ലാവർക്കും ചികിത്സ ഉറപ്പാക്കും: മുഖ്യമന്ത്രി



രോഗത്തെക്കുറിച്ചുള്ള അജ്ഞത, ചികിത്സാ ചെലവ് തുടങ്ങിയ നിരവധി കാരണങ്ങളാൽ പലരും നേരത്തെ രോഗസാധ്യത കണ്ടെത്തുന്നതിനും, ചികിത്സ തേടുന്നതിനും തയ്യാറാകുന്നില്ല.

### 'ആരോഗ്യം ആനന്ദം അകറ്റാം അർബുദം' ജനകീയ കാൻസർ പ്രതിരോധ കാമ്പയിൻ സംസ്ഥാനതല ഉദ്ഘാടനം



തിരുവനന്തപുരം: 'ആരോഗ്യം ആനന്ദം–അകറ്റാം അർബുദം' ജനകീയ കാൻസർ പ്രതിരോധ കാമ്പയിന്റെ ഭാഗമായി വരുന്ന ഒരു വർഷം കൊണ്ടുതന്നെ നമ്മുടെ സംസ്ഥാനത്തെ ജനങ്ങളിലെ കാൻസർ രോഗ സാധ്യത കണ്ടെത്തുന്നതിനും ആരംഭഘട്ടത്തിൽ തന്നെ അവർക്ക് ചികിത്സ ഉറപ്പാക്കുന്നതിനുമാണ് ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. രോഗത്തെക്കുറിച്ചുള്ള അജ്ഞത, ചികിത്സാ ചെലവ് തുടങ്ങിയ നിരവധി കാരണങ്ങളാൽ പലരും നേരത്തെ രോഗസാധ്യത കണ്ടെത്തുന്നതിനും, ചികിത്സ തേടുന്നതിനും തയ്യാറാകുന്നില്ല. കേരളം പോലെയൊരു സമൂഹത്തിലാണ് ഇതെന്നത് ഗൗരവമായി കാണേണ്ടതാണെന്നും മുഖ്യമന്ത്രി പറഞ്ഞു. 'ആരോഗ്യം ആനന്ദം–അകറ്റാം അർബുദം' ജനകീയ കാൻസർ പ്രതിരോധ കാമ്പയിൻ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

സർക്കാർ, സ്വകാര്യ, സഹകരണ മേഖലകൾ, സന്നദ്ധ പ്രവർത്തകർ, തുടങ്ങി നാടിന്റെ എല്ലാ കേന്ദ്രങ്ങളേയും സഹകരിപ്പിച്ചാണ് ഈ കാമ്പയിൻ സംഘടിപ്പിക്കുക. ഒരു വർഷം നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങളാണ് ഇതിനായി ആസൂത്രണം ചെയ്തിട്ടുള്ളത്. കാൻസർ കേസുകൾ കൂടി വരുന്നതായാണ് കാണുന്നത്. സ്തനാർബുദം കാരണമുള്ള മരണം കൂടുതലായും കാണുന്നു. സ്ത്രീകളിലുണ്ടാകുന്ന കാൻസറുകൾ നേരത്തെ കണ്ടെത്താവുന്നതും ചികിത്സിച്ച് ഭേദമാക്കാവുന്നതുമാണ്. പലപ്പോഴും ഇതുണ്ടാകുന്നില്ല എന്നതാണ് ഗൗരവമായ കാര്യം. ഇത് തിരിച്ചറിഞ്ഞാണ് 'ആരോഗ്യം ആനന്ദം–അകറ്റാം അർബുദം' എന്ന ക്യാമ്പയിന്റെ ആദ്യഘട്ടം സ്ത്രീകൾക്കായി മാറ്റിവെച്ചത്.

ലോക കാൻസർ ദിനമായ ഫെബ്രുവരി 4 ന് ആരംഭിച്ച് അന്താരാഷ്ട്ര വനിതാ ദിനമായ മാർച്ച് 8 ന് അവസാനിക്കും വിധമാണ് ആദ്യഘട്ട കാമ്പയിൻ വിഭാവനം ചെയ്തിട്ടുള്ളത്. സ്ത്രീകളെ ബാധിക്കുന്ന സ്തനാർബുദം, സെർവിക്കൽ കാൻസർ എന്നിവയ്ക്കുള്ള പരിശോധനയും ചികിത്സയും ഈ കാലയളവിൽ ഉറപ്പാക്കും.

സംസ്ഥാന സർക്കാരിന്റെ 'ആർദ്രം ആരോഗ്യം' ജനകീയ കാമ്പയിന്റെ ഭാഗമായി ശൈലി ആപ്പ് വഴി നടത്തിയ ആദ്യഘട്ട സ്ക്രീനിംഗിൽ ഏകദേശം 9 ലക്ഷത്തോളം പേർക്കും, രണ്ടാംഘട്ട സ്ക്രീനിംഗിൽ 2 ലക്ഷത്തോളം പേർക്കും കാൻസർ സാധ്യത കണ്ടെത്തിയിരുന്നു. എന്നാൽ, ഇവരിൽ ഒന്നാം ഘട്ടത്തിൽപ്പെട്ട 1.5 ലക്ഷംപേരും രണ്ടാം ഘട്ടത്തിൽപ്പെട്ട 40,000 പേരും മാത്രമാണ് തുടർ പരിശോധനയ്ക്ക് തയ്യാറായത്. ഇത് എത്ര ഗൗരവമായ സംഗതിയാണെന്ന് നാം കാണണം. രോഗസാധ്യതയുണ്ടെന്ന് തിരിച്ചറിഞ്ഞ ശേഷവും തുടർ പരിശോധനയ്ക്കും തുടർചികിത്സയ്ക്കും നേരെ മുഖം തിരിക്കുന്നത് നമ്മുടെ നാടിന് ചേരുന്ന പ്രവണതയാണോ? ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാകേതുണ്ട്.

കാൻസർ ചികിത്സയ്ക്കും പ്രതിരോധത്തിനും മുന്തിയ പരിഗണനയാണ് സംസ്ഥാന സർക്കാർ നൽകിവരുന്നത്. കാരുണ്യ സ്പർശം – സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ്സ് പദ്ധതി വഴി കേവലം 5 മാസങ്ങൾ കൊണ്ട് രണ്ടര കോടി രൂപയുടെ മരുന്നുകളാണ് സംസ്ഥാനത്താകെ വിതരണം ചെയ്തത്. പൊതു വിപണിയിലെ വിലയെ അപേക്ഷിച്ച് 88 ശതമാനം വരെ വില കുറച്ചാണ് കാൻസർ മരുന്നുകൾ ഇവിടെ ലഭ്യമാക്കിവരുന്നത്. ആദ്യഘട്ടത്തിൽ 14


(പേജ് രണ്ടിൽ തുടർന്നു വായിക്കുക)















(പേജ് ഒന്നിൽ നിന്ന് തുടർച്ച)

# രോഗ സാധ്യതയുള്ള എല്ലാവർക്കും ചികിത്സ ഉറപ്പാക്കും: മുഖ്യമന്ത്രി



ജില്ലകളിൽ ഓരോ കൗണ്ടറുകളാണ് ഇതിനായി സ്ഥാപിച്ചത്. ഇത് കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കാൻസർ ചികിത്സയ്ക്ക് നൂതന ചികിത്സാ സംവിധാനങ്ങളൊരുക്കുന്ന കാര്യത്തിലും സർക്കാർ ശ്രദ്ധിച്ചിട്ടുണ്ട്. സർക്കാർ മേഖലയിൽ ആദ്യമായി ആർസിസിയിലും എം.സി.സിയിലും കാൻസറിന് റോബോട്ടിക് സർജറി ആരംഭിച്ചു. റീജിയണൽ കാൻസർ സെന്ററുകൾക്കും മെഡിക്കൽ കോളേജുകൾക്കും പുറമേ 25 സർക്കാർ ആശുപത്രികളിൽ കാൻസർ ചികിത്സയ്ക്കുള്ള സൗകര്യങ്ങളൊരുക്കി. എല്ലാ ആശുപത്രികളിലും ആഴ്ചയിൽ ഒരു ദിവസം കാൻസർ പ്രാരംഭ പരിശോധനാ ക്ലിനിക്കുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചു. ഗർഭാശയഗള കാൻസർ കണ്ടെത്തുന്നതിനുള്ള 'സെർവി സ്കാൻ' ആർ.സി.സി വികസിപ്പിച്ചു. സെർവിക്കൽ കാൻസറിന് എതിരായുള്ള എച്ച്.പി.വി വാക്സിനേഷൻ പ്ലസ് വൺ, പ്ലസ് ടു തലത്തിലെ പെൺകുട്ടികൾക്ക് നൽകുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്.

സ്തനാർബുദം പ്രാരംഭ ഘട്ടത്തിൽ കണ്ടെത്തുന്നതിന് എല്ലാ ജില്ലകളിലും സംവിധാനമൊരുക്കുകയാണ്. ഒരു ജില്ലാതല അല്ലെങ്കിൽ താലൂക്ക്തല ആശുപത്രിയിലെങ്കിലും മാമോഗ്രാം, ബയോപ്സി, പാപ്സ്മിയർ പരിശോധനയ്ക്കുള്ള സംവിധാനമൊരുക്കുകയാണ്. ആദ്യ ഘട്ടത്തിൽ 8 ആശുപത്രികളിൽ മാമോഗ്രാം സംവിധാനം നടപ്പിലാക്കി. ഇങ്ങനെ ഒട്ടനേകം സംവിധാനങ്ങൾ കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ഇന്ന് ലഭ്യമാണ്. ഇതിന് പുറമെയാണ് രോഗപ്രതിരോധവും ബോധവത്ക്കരണവും ലക്ഷ്യമിട്ട് 'ആരോഗ്യം ആനന്ദം – അകറ്റാം അർബുദം' എന്ന ജനകീയ കാമ്പയിൻ ആരംഭിക്കുന്നത്.

ഈ ക്യാമ്പയിനിൽ നമ്മൾ സ്വയം ഭാഗമാകണം. ഒപ്പം നമ്മുടെ പ്രിയപ്പെട്ടവരെയും സുഹൃത്തുക്കളെയും പങ്കാളികളാക്കുകയും വേണം. രോഗസാധ്യത കണ്ടെത്തിയാൽ അവരെ പ്രാരംഭ ഘട്ടത്തിൽ തന്നെ ചികിത്സ തേടാൻ പ്രേരിപ്പിക്കണം. അവർ ഒരിക്കലും ഒറ്റപ്പെടുന്നില്ല, സർക്കാരും പൊതു സമൂഹവും അവരോടൊപ്പം എപ്പോഴും ഉണ്ടാകും. അത്തരമൊരു ആത്മവിശ്വാസം പകരുകയും വേണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

### ഈ കാമ്പയിൻ സുപ്രധാനമായ ചുവടുവയ്പ്പ്: മന്ത്രി വീണാ ജോർജ്

സംസ്ഥാനത്തെ കാൻസർ ചികിത്സാ രംഗത്തെ സുപ്രധാനമായ ചുവടുവയ്പ്പാണിതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. കേരളം ആരോഗ്യ സൂചകങ്ങളിൽ മുന്നിലാണ്. ആയുർദൈർഘ്യം ഏറ്റവും കൂടുതലാണ്. ആരോഗ്യ സാക്ഷരത വളരെ കൂടുതലാണ്. പക്ഷെ നമ്മളിൽ എത്രപേർ ആരോഗ്യ പരിശോധനയ്ക്ക് വിധേയമാകുന്നു? സ്വന്തം ആരോഗ്യത്തിന് പലരും സ്ഥാനം കൊടുക്കാറില്ല. ആരോഗ്യ സാക്ഷരതയിൽ മുന്നിൽ നിൽക്കുന്ന കേരളത്തിൽ ഓരോ വർഷവും കാൻസർ രോഗികൾ കൂടിക്കൊണ്ടിരിക്കുന്നു. സ്തനാർബുദം, ഗർഭാശയഗള കാൻസർ എന്നിവ പൂർണമായും ചികിത്സിച്ച് ഭേദമാക്കാൻ കഴിയും. എന്തിനാണ് ഇത്രയും നാൾ തിരിച്ചറിയാൻ വൈകുന്നത്. നമ്മുടെ ഭയം, അജ്ഞത എന്നിവ മാറ്റിനിർത്തണമെന്നും മന്ത്രി പറഞ്ഞു.

### കാൻസർ ഗ്രിഡ് മുഖ്യമന്ത്രി പ്രകാശനം ചെയ്തു.

റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ, ചലച്ചിത്ര താരം മഞ്ജു വാര്യർ, നഗരസഭ മേയർ ആര്യാ രാജേന്ദ്രൻ, എം.എൽ.എമാരായ ആന്റണി രാജു, വി ശശി, സികെ ഹരീന്ദ്രൻ, ഐ.ബി സതീഷ്, ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ പ്രൊഫ. വി.കെ രാമചന്ദ്രൻ, ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, കാൻസർ വിദഗ്ധൻ ഡോ.എം.വി പിള്ള, നവ കേരള മിഷൻ കോ–ഓർഡിനേറ്റർ ഡോ. ടി.എൻ. സീമ, വനിത ശിശു വികസന വകുപ്പ് ഡയറക്ടർ ഹരിത വി കുമാർ, എസ്.ബി.ഐ. ചീഫ് ജനറൽ മാനേജർ എ ഭുവനേശ്വരി, എം.സി.സി ഡയറക്ടർ ഡോ. ബി. സതീശൻ, ആർ.സി.സി അഡീഷണൽ ഡയറക്ടർ ഡോ. സജീദ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയക്ടർ ഡോ. തോമസ് മാത്യു, എന്നിവർ പങ്കെടുത്തു. ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രഗഡെ സ്വാഗതവും ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന നന്ദിയും ആശംസിച്ചു.

## ആരോഗ്യം ആനന്ദം ജനകീയ കാമ്പയിൻ...
























# ഇവിടം ഹൃദ്യമാണ്



**പൊന്നോമനയുടെ ജീവിതം തിരികെ നൽകിയ പദ്ധതിയുടെ പേര് വീടിനൊപ്പം എഴുതിച്ചേർത്ത് ദമ്പതികൾ**

തിരുവനന്തപുരം: വീടിനെ കുറിച്ച് ചിന്തിക്കുന്നതിന് മുൻപേ വീട്ടുപേര് നിശ്ചയിക്കുന്നവരാണ് ബഹുഭൂരിപക്ഷം മലയാളികളും. അച്ഛന്റേയോ അമ്മയുടേയോ അല്ലെങ്കിൽ സ്വന്തം പേരോ നാളോ അതുമല്ലെങ്കിൽ യാത്ര ചെയ്ത സ്ഥലത്തിന്റെയോ വൃക്ഷങ്ങളുടെയോ അനുഭവത്തിന്റെയോ അടിസ്ഥാനത്തിലാകും വീട്ടുപേര് നിശ്ചയിക്കുക. അങ്ങനെ സ്വന്തം അനുഭവത്തിന്റെ പശ്ചാത്തലത്തിൽ വ്യത്യസ്ത വീട്ടുപേര് നൽകിയിരിക്കുകയാണ് പിരപ്പൻകോട് സ്വദേശികളായ ശരത് രാജ് – മിനി മോൾ ദമ്പതികൾ. 'ഹൃദ്യം' എന്നാണ് വീട്ടുപേര്, ഇത് സാധാരണ ഒരു പേരല്ലേ എന്ന് ചിന്തിക്കാൻ വരട്ടെ. നവജാത ശിശുക്കൾ മുതൽ 18 വയസുവരെയുള്ള കുട്ടികളിൽ ഹൃദ്രോഗം കണ്ടെത്തിയാൽ സൗജന്യ ഹൃദയ ശസ്ത്രക്രിയയും ചികിത്സയും നൽകുന്ന സർക്കാരിന്റെ പദ്ധതിയാണ് ഹൃദ്യം. ഗർഭസ്ഥ ശിശുവിന് ഹൃദ്രോഗം കണ്ടെത്തിയാലും, പ്രസവം മുതലുള്ള തുടർ ചികിത്സകൾ ഹൃദ്യം പദ്ധതിയിൽ സൗജന്യമാണ്.

ശരത് രാജ് – മിനിമോൾ ദമ്പതികൾക്ക് രാമത്തെ പ്രസവത്തിൽ ഇരട്ടകുട്ടികളായിരുന്നു. കുട്ടികളിൽ ഒരാൾക്ക് ഹൃദ്രോഗ ലക്ഷണമായ മർമർ ശബ്ദം ഉണ്ടെന്ന് ആശുപത്രി അധികൃതർ അറിയിക്കുകയും ചെയ്തിരുന്നു. തുടർ ചികിത്സ ശ്രീ ചിത്ര ആശുപത്രിയിലും നൽകി. എന്നാൽ കുട്ടിയ്ക്ക് ആറ് മാസമായപ്പോൾ പനിയും തുടർന്ന് ന്യൂമോണിയയുമായി എസ്.എ.റ്റി. ആശുപത്രിയിൽ ചികിത്സ തേടുകയായിരുന്നു. അവിടത്തെ പീഡിയാട്രിക് കാർഡിയോളജിസ്റ്റ് ഡോ. ലക്ഷ്മിയാണ് അടിയന്തിരമായി കുഞ്ഞിന് ശസ്ത്രക്രിയ നടത്തണമെന്ന് നിർദ്ദേശിക്കുകയും ഹൃദ്യം പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതും. ഹൃദ്യത്തിൽ രജിസ്റ്റർ ചെയ്യാനും അടിയന്തിര ശസ്ത്രക്രിയ നടത്തുന്നതിന് വേണ്ടി ഫോളോ അപ്പ് ചെയ്തതും ആർ.ബി.എസ്.കെ. നഴ്സായ രോഹിണിയായിരുന്നു. അടിയന്തിര സർജറി ചെയ്യുന്നതിനായി എറണാകുളം അമൃത ആശുപത്രിയിലേയ്ക്ക് റഫർ ചെയ്തു. ആറ് മാസം പ്രായമുള്ള കൗശികിനെ 2018 മാർച്ചിൽ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കി. ഇന്ന് അവൻ മിടുക്കനായി ഇരട്ട സഹോദരൻ തനുഷിനും മൂത്ത സഹോദരൻ സമർദ്ദിനും ഒപ്പം ജീവിതം ആസ്വദിക്കുകയാണ്. 'കുഞ്ഞിനെ നഷ്ടമായിപോകുമെന്നുള്ള അവസ്ഥയിൽ നിന്ന് ഇന്ന് അവൻ സാധാരണ കുട്ടികളെപ്പോലെ ഓടിക്കളിക്കുന്നതിന് കാരണം ഹൃദ്യം പദ്ധതിയാണ്' ദമ്പതികൾ പറയുന്നു. ഹൃദ്യത്തിലൂടെ കൗശികിനെ തിരിച്ച് ലഭിച്ചതിന്റെ അനുഭവത്തിൽസുഹൃത്തുക്കളോടുംബന്ധുക്കളോടും ഏതൊരു പൊതു പരിപാടിയിൽ പങ്കെടുത്താലും ഈ ദമ്പതികൾ ഹൃദ്യം പദ്ധതിയെ പരിചയപ്പെടുത്താറുണ്ട്.

**വീണ്ടും മാതൃക**

# രാജ്യത്ത് ആദ്യമായി ജില്ലാതല ആശുപത്രികളിൽ ഫാറ്റി ലിവർ ക്ലിനിക്കുകൾ

### കരൾ രോഗങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സിച്ച് ജീവൻ



തിരുവനന്തപുരം: ജില്ലാതല ആശുപത്രികളിൽ ആദ്യമായി ഫാറ്റി ലിവർ ക്ലിനിക്കുകൾ ആരംഭിക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കരൾ രോഗങ്ങൾ പ്രത്യേകിച്ച് ഫാറ്റി ലിവർ രോഗം നേരത്തെ കുപിടിച്ച് ചികിത്സിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഫാറ്റി ലിവർ ക്ലിനിക്കുകൾ ആരംഭിക്കുന്നത്. ജനസംഖ്യയിൽ നല്ലൊരു ശതമാനത്തോളം ആളുകളെ നിശബ്ദമായി ബാധിക്കുന്ന ഒരു രോഗമായി നോൺ ആൾക്കഹോളിക് ഫാറ്റി ലിവർ ഡിസീസ് (എൻഎഎഫ്എൽഡി) മാറിയിരിക്കുന്ന സാഹചര്യത്തിലാണ് ആരോഗ്യ വകുപ്പ് നിർണായക ഇടപെടൽ നടത്തുന്നത്. ഫാറ്റി ലിവർ ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് ജില്ലകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആദ്യഘട്ടമായി തിരുവനന്തപുരം ജനറൽ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, മലപ്പുറം തിരൂർ ജില്ലാ ആശുപത്രി എന്നിവിടങ്ങളിലാണ് ഫാറ്റി ലിവർ ക്ലിനിക്കുകൾ ആരംഭിക്കുന്നത്. ഘട്ടം ഘട്ടമായി സംസ്ഥാനത്ത് ഉടനീളം ഫാറ്റി ലിവർ ക്ലിനിക്കുകൾ വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നതെന്നും മന്ത്രി വ്യക്തമാക്കി.

രക്ത പരിശോധനാ ലാബുകൾ, സ്കാനിംഗ് തുടങ്ങി നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമേ ഫാറ്റി ലിവറിന്റെ കാഠിന്യമറിയാനുള്ള ഫൈബ്രോ സ്കാനിംഗ് മെഷീൻ ഉൾപ്പെടെ സജ്ജമാക്കിയാണ് ഫാറ്റി ലിവർ ക്ലിനിക്കുകൾ ആരംഭിക്കുന്നത്. നിലവിൽ പ്രധാന മെഡിക്കൽ കോളേജുകളിലും ഫാറ്റി ലിവർ ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു.

വളരെ നേരത്തെ കണ്ടുപിടിച്ച് ചികിത്സിച്ചില്ലെങ്കിൽ കരളിന്റെ പ്രവർത്തനം തന്നെ അപടകടത്തിലായി അതീവ ഗുരുതരാവസ്ഥയിലേക്ക് പോകുന്ന ഒരു രോഗമാണ് ഫാറ്റി ലിവർ. മദ്യപാനത്തിലൂടെയോ അല്ലെങ്കിൽ മരുന്നുകളുടെ ദുരുപയോഗം കൊണ്ടോ ഉണ്ടാകുന്ന രോഗമാണ് ഫാറ്റി ലിവർ എന്നാണ് പലരും കരുതിയിരുന്നത്. എന്നാൽ ഇവയല്ലാതെ ഉണ്ടാകുന്ന രോഗമാണ് നോൺ ആൾക്കഹോളിക് ഫാറ്റി ലിവർ.

സാധാരണയായി അമിത വണ്ണം, പ്രമേഹം, ഉയർന്ന കൊളസ്ട്രോൾ തുടങ്ങിയ അവസ്ഥകളിലുള്ളവരിലാണ് ഫാറ്റി ലിവർ കാണപ്പെടുന്നത്. ഫാറ്റി ലിവർ രോഗത്തിന് പലപ്പോഴും ലക്ഷണങ്ങൾ ഉണ്ടാകാറില്ല. സാധാരണ മഞ്ഞപ്പിത്തം മൂലം കണ്ണുകളിലെ മഞ്ഞ, ശരീരത്തിൽ പെട്ടെന്നുണ്ടാകുന്ന രക്തസ്രാവം, നിറവ്യത്യാസമുള്ള മൂത്രം തുടങ്ങിയ ലക്ഷണങ്ങളാണ് കാണുന്നത്. അമിതമായ ക്ഷീണം, വയർ പെരുക്കം തുടങ്ങിയ ലക്ഷണങ്ങളും കാണാറുണ്ട്. പക്ഷെ മറ്റ് പ്രധാനപ്പെട്ട ലക്ഷണങ്ങൾ കാണാത്തതിനാൽ ഇത് പലപ്പോഴും അവഗണിക്കുകയാണ് ചെയ്യുന്നത്.

**അപൂർവ രക്തത്തിനായി ഒരു കരുതൽ**

# കേരള റെയർ ബ്ലഡ് ഡോണർ രജിസ്ട്രി പുറത്തിറക്കി

### കേരള മോഡൽ റെയർ ബ്ലഡ് ഡോണർ രജിസ്ട്രി രാജ്യത്താകെ വ്യാപിപ്പിക്കുന്നു



തിരുവനന്തപുരം: ട്രാൻസ്ഫ്യൂഷൻ സേവനങ്ങളിലെ പ്രധാന വെല്ലുവിളിയാണ് അനുയോജ്യമായ രക്തം കണ്ടെത്താനുള്ള ബുദ്ധിമുട്ട്. ഇതിന് പരിഹാരമായി അപൂർവ രക്തദാതാക്കളെ തിരിച്ചറിയാനുള്ള റെയർ ബ്ലഡ് ഡോണർ രജിസ്ട്രി കേരള ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ പുറത്തിറക്കി. കൊച്ചിയിൽ എല്ലാ സംസ്ഥാനങ്ങളിലേയും പ്രതിനിധികൾ പങ്കെടുത്ത ബ്ലഡ് ട്രാൻസ്ഫ്യൂഷൻ സർവീസിന്റെ ദേശീയ കോൺക്ലേവിലാണ് റെയർ ബ്ലഡ് ഡോണർ രജിസ്ട്രി പ്രകാശനം ചെയ്തതത്. കേരള മോഡൽ റെയർ ബ്ലഡ് ഡോണർ രജിസ്ട്രി രാജ്യത്താകെ വ്യാപിപ്പിക്കുമെന്ന് കേന്ദ്ര ബ്ലഡ് ട്രാൻസ്ഫ്യൂഷൻ സർവീസസ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

കൂടുതൽ രക്തദാതാക്കളെ ഉൾപ്പെടുത്തി രജിസ്ട്രി വിപുലപ്പെടുത്തുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. നിരവധി ആന്റിജനുകൾ പരിശോധിച്ച ശേഷമാണ് അപൂർവ രക്തദാതാക്കളുടെ രജിസ്ട്രി സജ്ജമാക്കിയത്. ഉടൻ തന്നെ രജിസ്ട്രിയുടെ സേവനം സംസ്ഥാനത്താകെ ലഭ്യമാക്കും. കൂടുതൽ രോഗികൾക്ക് ഉപകാരപ്പെടാൻ രജിസ്ട്രിയെപ്പറ്റിയുള്ള പ്രാഥമിക വിവരങ്ങൾ വൈദ്യ സമൂഹത്തിലേയ്ക്കും പൊതുജനങ്ങളിലേയ്ക്കും എത്തിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

തിരുവനന്തപുരം, കോട്ടയം, തൃശൂർ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളെ ഏകോപിപ്പിച്ചാണ് ഈ പദ്ധതി പൂർത്തിയാക്കിയത്. കേരള സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് രക്ത ബാങ്കിനെ സ്റ്റേറ്റ് നോഡൽ സെന്ററായി തിരഞ്ഞെടുത്തു. 2 കോടിയോളം രൂപയാണ് ട്രാൻസ്ഫ്യൂഷൻ മെഡിസിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് അനുവദിച്ചിരുന്നത്. ഇതുവരെ 3000 അപൂർവ രക്തദാതാക്കളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ നാല് പ്രദേശങ്ങളിലെ സന്നദ്ധ രക്ത ദാതാക്കളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ചു അതിലെ 18 ആന്റിജനുകൾ പരിശോധിച്ചിരുന്നു. പല തവണ രക്തം സ്വീകരിക്കേണ്ടി വരുന്ന തലസീമിയ, അരിവാൾ രോഗം, വൃക്ക, കാൻസർ രോഗികൾ എന്നിവരിലും ഗർഭിണികളിലും ആന്റിബോഡികൾ ഉണ്ടാവാൻ സാധ്യതയുണ്ട്. അവർക്ക് യോജിച്ച രക്തം ലഭിക്കാതെ വരുമ്പോൾ ഈ രജിസ്ട്രയിൽ നിന്നും അനുയോജ്യമായ ദാതാവിനെ കണ്ടെത്തി രക്തം കൃത്യ സമയത്ത് നൽകി ജീവൻ രക്ഷിക്കാൻ കഴിയുന്നതാണ്.

ബ്ലഡ് ട്രാൻസ്ഫ്യൂഷൻ സർവീസ് രംഗത്ത് നൂതനവും പ്രസക്തവുമായ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്ന റെയർ ബ്ലഡ് ഡോണർ രജിസ്ട്രി ടീമിനെ കേന്ദ്ര ആരോഗ്യ മന്ത്രാലയം ആദരിച്ചു.



ആരോഗ്യം ആനന്ദം...

# ക്യാൻസർ പ്രതിരോധ ജനകീയ കാമ്പയിൻ



## ഒരു മനസ്സോടെ കേരളം അണിചേരുന്നു...



അതിജീവിച്ചവരുടെ നേർസാക്ഷ്യങ്ങൾ...

അഭിനയകലയുടെ ഐക്യദാർഢ്യം







നാടും നഗരവും
ഏറ്റെടുക്കുന്നു...





# ആരോഗ്യം ആനന്ദം

അകറ്റാം അർബുദം



## ആശയ്ക്കും പറയാനുണ്ട്

# കുഷ്ഠരോഗ നിർണയത്തിന്റെ കഥ



**രോഗത്തിൽ നിന്നും മുക്തി നേടിയ രോഗിയും കുടുംബവും ഏറെ കൃതഞ്ജതയോടെയാണ് റിനിയെ ഇന്ന് ഓർക്കുന്നത്**

തൃശൂർ: ചാലക്കുടിയിലെ 305 വീടുകളുള്ള ഒരു വാർഡിലെ ആരോഗ്യപരമായ കാര്യങ്ങളിൽ ഇടപെടുന്ന ആശയാണ് റിനി. ചാലക്കുടി താലൂക്ക് ആശുപത്രിയുടെ കീഴിലാണ് റിനി പ്രവർത്തിക്കുന്നത്. റിനിയുടെ ദൈനംദിന വീടു സന്ദർശനത്തിന്റെ ഭാഗമായി ഒരു കുടുംബത്തിൽ ഗർഭിണിയായ മരുമകളുടെ ആന്റിനേറ്റൽ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സന്ദർശനം നടത്തുകയും വേണ്ട ഉപദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. ഇടക്കിടയുള്ള സന്ദർശന വേളയിൽ ഗൃഹനാഥയുമായുള്ള അടുപ്പം ആ കുടുംബത്തിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് വഴിത്തിരിവായത്. മകനു കുഞ്ഞുണ്ടാവുകയും കുഞ്ഞിന്റെ പ്രതിരോധകുത്തിവെയ്പ്പുമായി ബന്ധപ്പെട്ട് കാര്യങ്ങൾ അന്വേഷിക്കുന്നതിനായി റിനി കുടുംബത്തിൽ സന്ദർശനം പതിവായിരുന്നു. അശ്വമേധം പരിപാടിയുടെ ഭാഗമായി ഭവന സന്ദർശന വേളയിൽ റിനി മേൽ പറഞ്ഞ കുടുംബത്തിലെത്തുകയും തൊലിപ്പുറത്തുള്ള പാടുകളെ സംബന്ധിച്ച് വിവരിച്ചപ്പോൾ റിനിയുമായി വളരെയധികം അടുപ്പം കാത്ത് സൂക്ഷിക്കുന്ന ഗൃഹനാഥ ഭർത്താവിന് കൈയിൽ രണ്ട് പാടുള്ളതായി അറിയിച്ചു. റിനിയോട് നോക്കാൻ ആവശ്യപ്പെട്ടു. കൈയിലെ പാടുകൾ കുറച്ച് നാളുകളായി തുടരുന്നതാണെന്നും കൈകൾക്ക് തരിപ്പ് തോന്നുന്നതിനാൽ പശുകറവ ചെയ്യുന്നതിന് തടസ്സം നേരിടുന്നതായി പറയുകയും ചെയ്തു. റിനി കൈയിലുള്ള ബോൾപെൻ ഉപയോഗിച്ച് സ്പർശിച്ചപ്പോൾ സ്പർശനം അറിയുന്നുണ്ടെന്ന് പറഞ്ഞെങ്കിലും തരിപ്പിനെകുറിച്ച് പറഞ്ഞതിനാൽ റിനിക്കുള്ള സംശയം തീർക്കാനായി വിശദമായ പരിശോധനക്ക് താലൂക്ക് ആശുപത്രിയിലോ ചാലക്കുടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലോ വിധേയനാകാൻ ആവശ്യപ്പെട്ടു. തുടർന്ന് അടുത്തുള്ള സ്വകാര്യ ക്ലിനിക്കിൽ പരിശോധനക്ക് വിധേയനാകയും അവിടുന്ന് ത്വക്ക് രോഗ വിദഗ്ദൻ ഗാന്ധിഗ്രാം ആശുപത്രിയിലേക്ക് റഫർ ചെയ്യുകയുമായിരുന്നു.

ഗാന്ധിഗ്രാം ആശുപത്രിയിലെ വിശദമായ പരിശോധനക്കുശേഷം കുഷ്ഠരോഗമാണെന്ന് സ്ഥീരികരിച്ചു. തുടർന്ന് ചികിത്സ ആരംഭിച്ചു. ഡിസംബറിൽ ചികിത്സ പൂർത്തീകരിച്ച് പരിശോധനക്ക് വിധേയമായി. തികച്ചും ആരോഗ്യവാനായി രോഗത്തിൽ നിന്നും മുക്തി നേടിയ രോഗിയും കുടുംബവും ഏറെ കൃതഞ്ജതയോടെ റിനിയെ ഇന്ന് ഓർക്കുന്നത്. അശ്വമേധം 6.0 യുടെ ജില്ലാതല ഉദ്ഘാടനചടങ്ങിൽ കുഷ്ഠരോഗ നിർണ്ണയം നടത്തിയതിന് റിനിക്ക് ജില്ലാ ആരോഗ്യവകുപ്പിന്റെ ആദരവ് നൽകി സമൂഹത്തിൽ അറിയാതെയും ചികിത്സയെടുക്കാതെയും ഉള്ള രോഗികളെ കണ്ടുപിടിക്കുന്നതിനും ചികിത്സ ഉറപ്പാക്കുന്നതിനും ലക്ഷ്യമിടുന്ന അശ്വമേധം 6.0 പരിപാടി ജില്ലയിൽ മികച്ച രീതിയിലാണ് നടക്കുന്നത്.

## സിവിൽ സ്റ്റേഷനിൽ

# വേറിട്ട അനുഭവമായി ജീവനക്കാരുടെ വാം അപ്

**ജീവിതശൈലീ രോഗ നിയന്ത്രണത്തിന് ഉദ്യോഗസ്ഥർ വ്യായാമം ശീലമാക്കണം**



കാമ്പയിന്റെ ജില്ലാതല ഉദ്ഘാടനത്തിന്റെ ഭാഗമായി സിവിൽ സ്റ്റേഷൻ അങ്കണത്തിൽ ജീവനക്കാർക്കായി സംഘടിപ്പിച്ച വാം അപ് പരിപാടി.

മലപ്പുറം : ഓഫീസ് ജോലി ചെയ്യുന്നവർ ജീവിതശൈലീ രോഗങ്ങളിൽ ജാഗ്രത പുലർത്തണമെന്നും വ്യായാമം ജീവിതത്തിന്റെ ഭാഗമായി മാറ്റണമെന്നും ജില്ലാ കളക്ടർ വി.ആർ. വിനോദ് പറഞ്ഞു. മലപ്പുറം ജില്ലാ ഭരണകൂടവും ആരോഗ്യവകുപ്പും ആരോഗ്യ കേരളവും ചേർന്ന് നടത്തുന്ന ജീവിതശൈലീ രോഗനിയന്ത്രണ കാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു കളക്ടർ. സ്ഥിരമായി ഇരുന്നു ജോലി ചെയ്യുന്നവർ, വിശ്രമമില്ലാതെ ജോലി ചെയ്യുന്നവർ എന്നിവർ രോഗനിയന്ത്രണത്തിൽ ശ്രദ്ധിക്കണമെന്നും പതിവായി വ്യായാമം ചെയ്യുന്ന ശീലം എല്ലാ ജീവനക്കാരും പിന്തുടരണമെന്നും അദ്ദേഹം പറഞ്ഞു.

സിവിൽ സ്റ്റേഷൻ അങ്കണത്തിൽ ജീവനക്കാർക്കായി വാം അപ് പരിപാടി നടത്തിയാണ് ക്യാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം സംഘടിപ്പിച്ചത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, ജില്ലാതല ഓഫീസർമാർ ഉൾപ്പെടെ മുഴുവൻ ജീവനക്കാരും വാം അപ്പിൽ പങ്കെടുത്തു. ഓഫീസ് സമയം ആരംഭിക്കുന്നതിന് മുമ്പ് രാവിലെ 9.30 നായിരുന്നു വാം അപ്. ജീവനക്കാർക്ക് ജീവിതശൈലി രോഗങ്ങൾ വരാതിരിക്കാനും മാനസിക സമ്മർദം കുറക്കുന്നതിനും വ്യായാമം ശീലവും സംസ്കാരത്തിന്റെ ഭാഗമാക്കുകയാണ് ലക്ഷ്യം.

ഇതുമായി ബന്ധപ്പെട്ട് ഒരു വർഷം നീളുന്ന രോഗനിയന്ത്രണ കാമ്പയിനാണ് ആരോഗ്യവകുപ്പ് വിഭാവനം ചെയ്തിട്ടുള്ളത്. ജീവനക്കാർക്കിടയിലെ ജീവിതശൈലീ രോഗങ്ങൾ കണ്ടെത്താനായി മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു. ഉയരവും തൂക്കവും രക്തത്തിലെ പഞ്ചസാരയുടെ അളവും രക്തസമ്മർദ്ദവും നിർണയിച്ച് വിദഗ്ധ പരിശോധന ആവശ്യമുള്ളവരെ കണ്ടെത്തുന്ന രീതിയിലാണ് ക്യാമ്പ് നടന്നത്. 200ലധികം ജീവനക്കാർ ക്യാമ്പിൽ പങ്കെടുത്തു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എം.കെ റഫീഖയുടെ അധ്യക്ഷതയിൽ ജില്ലാ കളക്ടർ വി.ആർ വിനോദ് ഉദ്ഘാടനം ചെയ്തു. ഡി.എം.ഒ ഡോ. ആർ.രേണുക, എ.ഡി.എം എൻ എം മെഹറലി, ഡെപ്യൂട്ടി ഡി.എം.ഒ മാരായ ഡോക്ടർ ഷുബിൻ, ഡോ. നൂന മർജ, എൻ.സി.ഡി നോഡൽ ഓഫീസർ ഡോ. വി. ഫിറോസ് ഖാൻ, ഡെപ്യൂട്ടി മാസ്സ് മീഡിയ ഓഫീസർ മുഹമ്മദ് ഫസൽ, ടെക്നിക്കൽ അസിസ്റ്റന്റുമാരായ സി കെ സുരേഷ് കുമാർ, വി. വി. ദിനേശ് തുടങ്ങിയവർ സിവിൽ സ്റ്റേഷനിലെ വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ, ജീവനക്കാർ ചടങ്ങിൽ പങ്കെടുത്തു.

## മൂന്നാറിന്റെ

# മലനിരകളിൽ നിന്നൊരു ആരോഗ്യവിജയഗാഥ




ഇടുക്കി: ചിന്നക്കനാൽ കുടുംബാരോഗ്യകേന്ദ്രത്തിന് എൻ.ക്യു.എ.എസ് ദേശീയ അംഗീകാരം. തോട്ടം തൊഴിലാളികളും തമിഴ് വംശജരും തിങ്ങിപാർക്കുന്ന ചിന്നക്കനാലിന്റെ പ്രകൃതി രമണീയമായ സ്ഥലത്ത് ആരോഗ്യ മേഖലയുടെ പ്രധാന ആശ്രയമായ ചിന്നക്കനാൽ കുടുംബാരോഗ്യ കേന്ദ്രത്തിന് എൻ.ക്യു.എ.എസ് ദേശീയ അംഗീകാരം കേരളത്തിലെ ആരോഗ്യമേഖലയുടെ സമഗ്രമായ മുന്നേറ്റത്തിന്റെ കാലഘട്ടത്തിൽ ഇടുക്കി ജില്ലയിലും അടിസ്ഥാന സൗകര്യ വികസനത്തിലും സേവനമേഖലയിലെ ഗുണനിലവാരത്തിലും സമ്പൂർണ്ണമായ വികസനം പ്രാപ്തമായി വരുന്നു. ഭൂമിശാസ്ത്രപരമായി ഏറെ വെല്ലുവിളികൾ നിറഞ്ഞ ഇടുക്കി ജില്ലയിലെ മലയോരമേഖലകളിൽ പോലും ഈ മാറ്റം പ്രകടമാണ്. ആയതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ് ദേശീയ ഗുണനിലവാര പരിശോധനയായ എൻ.ക്യു.എ.എസ് അംഗീകാരം ഏറ്റവും ഉയർന്ന സ്കോറോടു കൂടി (94.92) കരസ്ഥമാക്കിയ ചിന്നക്കനാൽ കുടുംബാരോഗ്യ കേന്ദ്രം.

രോഗികൾക്ക് നൽകുന്ന സേവനങ്ങൾ അവകാശങ്ങൾ, സുരക്ഷ, സ്വകാര്യത ദേശീയ ആരോഗ്യ പദ്ധതികളുടെ നടത്തിപ്പ് ആശുപത്രികളുടെ അടിസ്ഥാനസൗകര്യങ്ങൾ ചികിത്സാരംഗത്തെ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത, മരുന്നുകളുടെയും ചികിത്സാ ഉപകരണങ്ങളുടേയും ലഭ്യത, മാലിന്യ സംസ്കരണം കൂടാതെ ആരോഗ്യ മേഖലയിൽ ഒരു സ്ഥാപനം നടപ്പിലാക്കേണ്ട വിവിധ പദ്ധതികളുടെ അവലോകനം നടത്തിയാണ് എൻ.ക്യു.എ.എസ്സ് അംഗീകാരം ഒരു സ്ഥാപനം കരസ്ഥമാക്കുന്നത്.

8 വിഭാഗങ്ങളിലായി 6500 ഓളം ചെക്ക് പോയിന്റുകൾ വിലയിരുത്തിയാണ് ആശുപത്രികളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നത്. എൻ.ക്യു.എ.എസ് അംഗീകാരത്തിന് 3 വർഷം കാലാവധിയാണുള്ളത്. മൂന്ന് വർഷത്തിനുശേഷം ദേശീയതല സംഘത്തിന്റെ പുനപരിശോധന ഉണ്ടാകും. എൻ.ക്യു.എ.എസ് അംഗീകാരം ലഭിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് 2 ലക്ഷം രൂപ ഇൻസെന്റീവ് ലഭിക്കും. ആശുപത്രി വികസനത്തിനായാണ് ഈ തുക വിനിയോഗിക്കുന്നത്.



പാലക്കാട്

## വില്ലനായി കാൻസർ

# പൊരുതി തോൽപ്പിച്ച് ഷേർളി

### ഒരു പൊതുപ്രവർത്തകയുടെ പ്രചോദനാത്മകമായ കാൻസർ അതിജീവന കഥ



**തിരക്കിട്ട** പൊതുപ്രവർത്തനത്തിനിടയിൽ വെള്ളിടി പോലെ വന്ന ക്യാൻസറിനെ മനഃസാന്നിധ്യം കൊണ്ടും കൃത്യമായ ചികിത്സ കൊണ്ടും പൊരുതി തോൽപ്പിച്ച അതിജീവന കഥയാണ് കുഴൽമന്ദം മുൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കൂടിയായ ഷേർളിയുടേത്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പദവിയേറ്റെടുത്ത് ഒരുവർഷത്തിന് ശേഷം 2016 ലാണ് സംഘടനാ പ്രവർത്തനങ്ങളും സന്നദ്ധ പ്രവർത്തങ്ങളുമൊക്കെയായി ഏതുനേരവും തിരക്കിട്ട ദിനചര്യകൾക്ക് സഡൻ ബ്രേക്കിട്ടുകൊണ്ട് ഷേർളിക്ക് കാൻസർ സ്ഥിരീകരിക്കുന്നത്. ഒരു പാലിയേറ്റീവ് രോഗി–ബന്ധു സംഗമത്തിൽ ഉദ്ഘാടകയായെത്തിയ നേരം ആകസ്മികമായാണ് അവിടെയുണ്ടായിരുന്ന ആരോഗ്യപ്രവർത്തകരോട് സ്തനത്തിൽ കുറച്ച് ദിവസമായി കാണുന്ന തടിപ്പിനെക്കുറിച്ച് പറയാനിടവന്നത്. പ്രാഥമിക പരിശോധനയിൽ സംശയം തോന്നിയതിനാൽ തുടർ പരിശോധനകൾക്കായി തൃശൂർ മെഡിക്കൽ കോളേജിലെത്തുകയും ഒട്ടും പ്രതീക്ഷിക്കാത്ത നേരത്ത് സ്തനാർബുദം സ്ഥിരീകരിക്കുകയുമായിരുന്നു. ജനസേവനത്തിന്റെ ഭാരിച്ച ഉത്തരവാദിത്തത്തിനിടയിൽ വില്ലനായി കാൻസർ എത്തിയപ്പോൾ വേദനയും നിരാശയും ഒരു വേള തളർത്തിയെങ്കിലും കുടുംബത്തിന്റെയും ഉറ്റവരുടെയും പിന്തുണയിൽ ഷേർളി മനഃസാന്നിധ്യവും കരുത്തും വീണ്ടെടുത്തു. ഒരുപാടു കാര്യങ്ങൾ ചെയ്യാൻ ബാക്കിയുണ്ടെന്നതും തന്റെ തിരിച്ചുവരവ് അനിവാര്യമാണെന്നും മനസിലുറച്ച് ചികിത്സയുടെ ഓരോ ഘട്ടങ്ങളും തളരാതെ നേരിട്ടു.

കീമോയുടെ ഓരോ സെഷന് ശേഷവും വേദനയും ക്ഷീണവും മൂലം ശരീരം ദുർബലപ്പെട്ടപ്പോഴും ഏതു വിധേനയും അതിജീവിക്കാനുള്ള നിശ്ചയദാർഢ്യം ഷേർളിക്ക് കരുത്തായി. വീട്ടിൽ പല ആളുകളും കാണാനായി വന്നുകൊണ്ടിരുന്നു. പലരും സഹതാപവും നിരാശയും പങ്കുവെച്ചു. ഇനി സാധാരണജീവിതത്തിലേക്ക് വരിക അസാധ്യമെന്നു തന്നെ ചിലരൊക്കെ അടക്കം പറഞ്ഞു. മറ്റു ചിലർ വരാനിരിക്കുന്ന ഉപതിരഞ്ഞെടുപ്പ് സാധ്യതയെ കുറിച്ചു വരെ ചർച്ചകൾ നടത്തി. ചുറ്റും നടക്കുന്ന ഈ വക കാര്യങ്ങളെല്ലാം അറിയുന്നുണ്ടായിരുന്നെങ്കിലും അതിലൊന്നും തെല്ലും ശ്രദ്ധിക്കാതെ ഷേർളി മനസും ശരീരവും സാധ്യമാവുന്നത്രയും പോസിറ്റീവായി നിലനിർത്തുന്നതിൽ മാത്രം ശ്രദ്ധിച്ചു. കൃത്യമായ ചികിത്സ തുടർന്നു. ധാരാളം വായിച്ചു. പോഷകമുറപ്പാക്കുന്ന ഭക്ഷണക്രമം നിലനിർത്തി. പ്രദേശത്തെ ആശ, അങ്കണവാടി പ്രവർത്തകർ, സംഘടനയിലെ സഹപ്രവർത്തകർ അങ്ങനെ ഒപ്പം നിന്ന് കരുത്തു പകരുന്നവരോടൊപ്പം കൂടുതൽ സമയം ചിലവഴിച്ചു. കുടുംബവും നിഴൽ പോലെ കൂടെ നിന്നു. ഒരു വർഷം നീണ്ടു നിന്ന ചികിത്സക്കൊടുവിൽ ചുറുചുറുക്കോടെ ഷേർളി തിരിച്ചെത്തി. ഏഴ് പഞ്ചായത്തുകളുള്ള കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് സാരഥിയായി മുൻപത്തേക്കാൾ ഉഷാറോടെ. ഇന്നിപ്പോൾ പല സംഘടനകളിലായി വിവിധ ചുമതലകൾ വഹിക്കുന്നതിന്റെ തിരക്കുകൾക്കിടയിലും അർബുദ രോഗികൾക്കായി സാധ്യമാവുന്ന വിധമെല്ലാം നിരന്തരം ഇടപെട്ടുകൊണ്ടിരിക്കുകയാണ് ഷേർളി. നിരാധാരരായ രോഗികൾക്ക് ഒരു ഷെൽട്ടർ ഹോം എന്ന സ്വപ്നം ബാക്കിയുണ്ട്. പറ്റുന്ന വേദികളിലെല്ലാം കാൻസർ അതിജീവനത്തിന്റെ പ്രചോദനാത്മകമായ സന്ദേശങ്ങൾ പകർന്നു നൽകിക്കൊണ്ടിരിക്കുകയാണ് ഷേർളി.

---

ആരോഗ്യ മേഖല

## റാന്നിയിൽ 50 കോടിയുടെ വികസനം സാധ്യമാക്കി: മന്ത്രി വീണാ ജോർജ്




**ആശ പ്രവർത്തകർക്കായി അഞ്ച് ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ഉറപ്പു വരുത്തിയെന്നും മന്ത്രി പറഞ്ഞു**

പത്തനംതിട്ട: റാന്നി നിയോജക മണ്ഡലത്തിലെ ആരോഗ്യ മേഖലയിൽ മാത്രം 50 കോടിയുടെ വികസനം സാധ്യമാക്കിയെന്ന് ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി വീണാ ജോർജ്. റാന്നി താലൂക്ക് ആശുപത്രിയിലെ പുതിയ ബ്ലോക്കിന്റെ നിർമാണ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെ കിഫ്ബിയിൽ നിന്നും 17 കോടി രൂപ ചെലവഴിച്ചാണ് നിർമാണം. മൂന്നു നിലകളിലായി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിൽ റേഡിയോ ഡയഗ്നോസ്റ്റിക് ഏരിയ, പാലിയേറ്റിവ് കെയർ, ഫിസിയോ തെറാപ്പി, ഡെന്റൽ ട്രീറ്റ്മെന്റ്റൂം, ലാബ്, അൾട്രാ സൗണ്ട് സ്കാൻ മുതലായ സൗകര്യങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

കിഫ്ബിയിലൂടെ കോടിക്കണക്കിന് രൂപ വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ നൽകി. രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്നത് കേരളം ആണ്. പ്രതിവർഷം 1600 കോടി രൂപ സൗജന്യ ചികിത്സയ്ക്കായി ചെലവഴിക്കുന്നു. ആശ പ്രവർത്തകർക്കായി അഞ്ച് ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ഉറപ്പു വരുത്തിയെന്നും മന്ത്രി പറഞ്ഞു. അഡ്വ. പ്രമോദ് നാരായൺ എം.എൽ.എ ചടങ്ങിൽ അധ്യക്ഷനായി. റാന്നി താലൂക്ക് ആശുപത്രിക്ക് ആംബുലൻസിനായി എം.എൽ.എ ഫിൽ നിന്നും 20 ലക്ഷം രൂപ അനുവദിച്ചതായി അദ്ദേഹം പറഞ്ഞു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോർജ് ഏബ്രഹാം, മുൻ എം.എൽ.എ രാജു ഏബ്രഹാം, റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.എസ് ഗോപി, റാന്നി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. ആർ പ്രകാശ്, അങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിന്ദു റെജി, ജനപ്രതിനിധികൾ, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. എൽ അനിതകുമാരി, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ എസ്. ശ്രീകുമാർ, റാന്നി താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ. ലിൻഡ ജോസഫ്, വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, ആരോഗ്യപ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

---

ആരോഗ്യം ആനന്ദം കാമ്പയിനിൽ പങ്കു ചേർന്ന്

## കെയർ ഹോമിലെ സ്ത്രീകളും വനിത മാധ്യമപ്രവർത്തകരും



ആരോഗ്യം ആനന്ദം കാമ്പയിനിൽ പങ്കുചേർന്ന് കെയർ ഹോമിലെ സ്ത്രീകളും വനിത മാധ്യമപ്രവർത്തകരും

കോഴിക്കോട്: ആരോഗ്യം ആനന്ദം അകറ്റാം അർബുദം കാമ്പയിന്റെ ഭാഗമായി കോഴിക്കോട് വെള്ളിമാടുകുന്നിലെ ജെൻഡർ പാർക്കിലുള്ള കെയർ ഹോമിലെ സ്ത്രീകൾക്കും വനിത മാധ്യമപ്രവർത്തകർക്കും കാൻസർ നിർണയ ക്യാമ്പ് സംഘടിപ്പിച്ചു. ക്യൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി സംസ്ഥാന ആരോഗ്യവകുപ്പ് നടപ്പിലാക്കുന്ന 'ആരോഗ്യം ആനന്ദം അകറ്റാം അർബുദം' എന്ന ക്യാമ്പയിന്റെ ഭാഗമായാണ് സ്ക്രീനിങ്ങ് സംഘടിപ്പിച്ചത്. ആദ്യഘട്ട കാമ്പയിൻ സ്ത്രീകൾക്ക് വേണ്ടിയുള്ളതാണ്. സ്ത്രീകളെ ബാധിക്കുന്ന സ്തനാർബുദം, ഗർഭാശയഗള അർബുദം എന്നിവ നേരത്തെ നടത്തി പരിശോധനയും ചികിത്സയും ഉറപ്പാക്കുന്ന പദ്ധതിയാണിത്.

ഫെബ്രുവരി 22ന് നടന്ന ക്യാമ്പിൽ ദേശീയ നഗരാരോഗ്യ ദൗത്യത്തിലെ ഗൈനക്കോളജിസ്റ്റ്, മെഡിക്കൽ ഓഫീസർമാർ, ലേഡി ഹെൽത്ത് വിസിറ്റർ, സ്റ്റാഫ് നഴ്സ്, എൻ.യു.എച്ച്.എം കോർഡിനേറ്റർമാർ എന്നിവർ അടങ്ങുന്ന ടീമാണ് ക്യാമ്പിന് നേതൃത്വം നൽകിയത്. 59 പേരുടെ പാപ്സ് സ്മിയർ പരിശോധനയും സ്തനാർബുദ പരിശോധനയും നടത്തി. 3 പേരുടെ സാമ്പിൾ തുടർപരിശോധനയ്ക്ക് അയച്ചു. സ്ത്രീകൾക്ക് മാനസിക പിന്തുണ നൽകുന്നതിനായി ജില്ലാ മാനസികാരോഗ്യ പദ്ധതിയിലെ കൗൺസിലർമാരുടെ സേവനവും ക്യാമ്പിൽ ലഭ്യമാക്കിയിരുന്നു.

മഴക്കാലപൂർവ ശുചീകരണം

# മന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു



തിരുവനന്തപുരം: ആരോഗ്യ ജാഗ്രതാ കലണ്ടർ പ്രകാരം പകർച്ചവ്യാധികൾക്കെതിരെ പ്രവർത്തനങ്ങൾ ശക്തമാക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആരോഗ്യ ജാഗ്രതാ കലണ്ടർ പ്രകാരം കൃത്യമായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ജില്ലകൾ ഉറപ്പാക്കണം. ഫീൽഡ് തലത്തിലും ജില്ലാതലത്തിനും സംസ്ഥാനതലത്തിലും കൃത്യമായി പ്രവർത്തനങ്ങൾ നടത്തണം. പൊതുജനാരോഗ്യ സമിതികൾ യോഗങ്ങൾ ചേർന്ന് പ്രവർത്തനങ്ങൾ ആവിഷ്‌ക്കരിക്കണം. പൊതുജനരോഗ്യ നിയമ പ്രകാരം പകർച്ചവ്യാധി പ്രതിരോധത്തിനായി ശക്തമായ നടപടികൾ സ്വീകരിക്കണം. നിപ പ്രതിരോധ പ്രവർത്തനങ്ങളും ശ്രദ്ധിക്കണം. കഠിനമായ ചൂടും തുടർന്നുണ്ടാകാൻ സാധ്യതയുള്ള ഇടവിട്ടുള്ള മഴയും കാരണം പകർച്ചവ്യാധികൾ വർധിക്കാൻ സാധ്യതയുണ്ട്. അത് മുന്നിൽ കണ്ട് പകർച്ചവ്യാധി പ്രതിരോധം ശക്തമാക്കാൻ മന്ത്രി ജില്ലകൾക്ക് നിർദേശം നൽകി. ആശുപത്രികൾ സജ്ജമായിരിക്കണം. മരുന്ന് ലഭ്യത ഉറപ്പാക്കാനും നിർദേശം നൽകി. മഴക്കാലപൂർവ ശുചീകരണവും പകർച്ചവ്യാധി പ്രതിരോധവും സംബന്ധിച്ച ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

ജലദോഷം, ചുമ, വൈറൽ പനി, ഇൻഫ്ളുവൻസ– എച്ച്.1 എൻ.1, ഡെങ്കിപ്പനി, എലിപ്പനി, വയറിളക്ക രോഗങ്ങൾ എന്നിവ ഇപ്പോഴും പല സ്ഥലങ്ങളിലും കാണുന്നുണ്ട്. മൂന്ന് ദിവസത്തിലധികം നീണ്ട് നിൽക്കുന്ന പനിയോ അപായ സൂചനകളോ കണ്ടാൽ എന്തായാലും വിദഗ്ധ ചികിത്സ തേടണം. പനിയോ വയറിളക്കമോ ഉള്ളവർ ധാരാളം വെള്ളവും പാനീയങ്ങളും കുടിക്കണം.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻഎച്ച്എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ, ജില്ലാ പ്രോഗ്രാം മാനേജർമാർ, ജില്ലാ സർവൈലൻസ് ഓഫീസർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.




# കനത്ത ചൂട്: ജാഗ്രത വേണം

## നേരിട്ടുള്ള വെയിൽ കൊള്ളരുത്; വേനൽക്കാല രോഗങ്ങൾക്കെതിരെ കരുതൽ വേണം





തിരുവനന്തപുരം: സംസ്ഥാനത്ത് കനത്ത ചൂട് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് ജാഗ്രതാ നിർദേശം നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. താപനില ഉയരുന്നത് മൂലമുള്ള ശാരീരിക ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ സ്വയം പ്രതിരോധം വളരെ പ്രധാനമാണ്. രാവിലെ 11 മുതൽ വൈകുന്നേരം 3 വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. കുഞ്ഞുങ്ങൾ, പ്രായമായവർ, ഗർഭിണികൾ, ഗുരുതര രോഗങ്ങളുള്ളവർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കണം. ഉയർന്ന ചൂട് സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകും. നേരിട്ട് വെയിലേൽക്കുന്ന ജോലി ചെയ്യുന്നവർ ജോലി സമയം ക്രമീകരിക്കണം. ശരീരത്തിലെ ജല നഷ്ടത്തിലൂടെ നിർജലീകരണം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ദാഹം തോന്നിയില്ലെങ്കിലും ധാരാളം വെള്ളം കുടിക്കുകയെന്നതാണ് പ്രധാന പ്രതിരോധ മാർഗം. ശാരീരിക അസ്വസ്ഥകളോ ബുദ്ധിമുട്ടുകളോ ഉണ്ടായാൽ ഉടൻ ചികിത്സ തേടണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

തുടർച്ചയായി വെയിലേറ്റാൽ സൂര്യാഘാതമോ, സൂര്യാതപമോ ഉണ്ടാകാനിടയുണ്ട്. വളരെ ഉയർന്ന ശരീര താപനില, വേഗത്തിലുള്ള ഹൃദയമിടിപ്പ്, വറ്റിവരണ്ട ചുവന്ന ചർമ്മം, ശക്തമായ തലവേദന, തലകറക്കം, ഓക്കാനം, ബോധക്ഷയം, കഠിനമായ ക്ഷീണം എന്നിവ തോന്നിയാൽ ശ്രദ്ധിക്കണം. എന്തെങ്കിലും ബുദ്ധിമുട്ട് തോന്നുന്നവർ തണലിൽ മാറി വിശ്രമിച്ച് ധാരാളം വെള്ളം കുടിക്കണം. കട്ടികൂടിയ വസ്ത്രങ്ങൾ മാറ്റുക. തണുത്ത വെള്ളം കൊണ്ട് ദേഹം തുടയ്ക്കുക. കാറ്റ് കൊള്ളുക, വീശുക / ഫാനോ എ.സിയോ ഉപയോഗിക്കുക. ഡോക്ടറെ കാണിച്ച് ചികിത്സ തേടുക.

ചൂട് കുരു, പേശി വലിവ്, ചർമ്മ രോഗങ്ങൾ, വയറിളക്ക രോഗങ്ങൾ, നേത്ര രോഗങ്ങൾ, ചിക്കൻ പോക്സ്, മഞ്ഞപ്പിത്തം തുടങ്ങിയ രോഗങ്ങൾ ചൂട് കാലത്ത് കൂടുതലായി കാണപ്പെടാറുണ്ട്. ചൂട് കുരു (Heat rash) കുട്ടികളെയാണ് കൂടുതൽ ബാധിക്കുന്നത്. ചൂട് കുരു ഉണ്ടായാൽ അധികം വെയിൽ ഏൽക്കാതിരിക്കുകയും തിണർപ്പ് ബാധിച്ച ശരീരഭാഗങ്ങൾ എപ്പോഴും ഈർപ്പരഹിതമായി സൂക്ഷിക്കുകയും വേണം.

### ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. രാവിലെ 11 മുതൽ വൈകുന്നേരം 3 വരെയുള്ള സമയത്ത് കൂടുതൽ നേരം വെയിലേൽക്കരുത്.
2. അയഞ്ഞ, ഇളം നിറത്തിലുള്ള കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക.
3. പുറത്തിറങ്ങുമ്പോൾ പാദരക്ഷകൾ ധരിക്കുക. കുടയോ തൊപ്പിയോ ഉപയോഗിക്കുന്നത് നല്ലത്.
4. ദാഹമില്ലെങ്കിലും ധാരാളം വെള്ളം ഇടയ്ക്കിടയ്ക്ക് കുടിക്കുക. യാത്രാ വേളയിൽ ഒരു കുപ്പി വെള്ളം കരുതുന്നത് നല്ലത്.
5. തിളപ്പിച്ചാറിയ വെള്ളം കുടിക്കാൻ ഉപയോഗിക്കുക.
6. കുട്ടികൾക്ക് ഇടയ്ക്കിടയ്ക്ക് വെള്ളം നൽകണം.
7. ഉപ്പിട്ട കഞ്ഞിവെള്ളം, മോര്, നാരങ്ങാവെള്ളം എന്നിവ ധാരാളമായി കുടിക്കുക.
8. വെള്ളം ധാരാളം അടങ്ങിയിട്ടുള്ള തണ്ണിമത്തൻ, ഓറഞ്ച് മുതലായ പഴങ്ങളും പച്ചക്കറി സാലഡുകളും കൂടുതലായി ഭക്ഷണത്തിൽ ഉൾപ്പെടുത്തുക
9. കുട്ടികളെ വെയിലത്ത് കളിക്കാൻ അനുവദിക്കരുത്
10. ചൂടിന്റെ കാഠിന്യം കുറയ്ക്കാൻ പകൽ സമയത്ത് വീടിന്റെ വാതിലുകളും ജനലുകളും തുറന്നിടുക
11. വൃത്തിയും ശുചിത്വവുമുള്ള സാഹചര്യങ്ങളിൽ സൂക്ഷിക്കുന്ന പാനീയങ്ങൾ മാത്രം ഉപയോഗിക്കുക.
12. ജ്യൂസിൽ ഉപയോഗിക്കുന്ന ഐസ് ശുദ്ധജലം കൊണ്ടുണ്ടാക്കുന്നതാവണം.



പ്രതിരോധ കുത്തിവെയ്പ്പ്

# ഊർജ്ജിതമാക്കി ചങ്ങരോത്ത് പഞ്ചായത്ത്



കോഴിക്കോട്: ചങ്ങരോത്ത് പഞ്ചായത്തിന് കീഴിലെ എച്ച്.ഡബ്ല്യു.സി ഒറ്റക്കം, എച്ച്.ഡബ്ല്യു.സി കല്ലൂർ പ്രദേശങ്ങളിൽ ഭാഗികമായി കുത്തിവെയ്പ്പെടുത്തതും ഒരു കുത്തിവെയ്പ്പ് പോലും എടുക്കാത്ത കുട്ടികളുണ്ടായിരുന്നു.

ചങ്ങരോത്ത് കുടുംബാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ ഡോ.ആനന്ദിന്റെ നേതൃത്വത്തിൽ പീഡിയാട്രീഷ്യൻ ഡോ.ഖഫൂർ, പി.എച്ച്.എൻ, ഹെൽത്ത് ഇൻസ്പെക്ടർ, ജെ.പി.എച്ച്.എൻ, ജെ.എച്ച്.ഐ, ആശ എന്നിവരടങ്ങുന്ന ഒരു ടീം ഈ കുട്ടികളുടെ വീടുകൾ സന്ദർശിച്ചു നിരന്തരമായി ഈ കുട്ടികളും കുടുംബവുമായും ആശയ വിനിമയം നടത്തിയിരുന്നു.

ടീമിന്റെ നിരന്തര ഇടപെടലിന്റെ ഫലമായി 12 കുട്ടികൾക്ക് വാക്സിൻ നൽകാൻ സാധിച്ചു. ഇതിൽ 4 കുട്ടികൾ മുഴുവനായി ഇമ്മ്യൂണൈസ്ഡ് ആവുകയും ചെയ്തു. എച്ച്.ഡബ്ല്യു.സി കല്ലൂർ സെക്ഷനിലെ 10 കുട്ടികളുള്ള ഒരു കുടുംബത്തിലെ ഒരു കുട്ടിക്ക് പോലും കുത്തിവെയ്പ്പ് നാളിതുവരെ എടുക്കാൻ ഈ കുടുംബം താല്പര്യം കാണിച്ചിരുന്നില്ല ടീമിന്റെ നിരന്തര ഇടപെടലുകൾ കാരണം ഈ കുടുംബത്തിലെ 2 കുട്ടികൾ ആദ്യമായി വാക്സിൻ സ്വീകരിച്ചു.

മാതൃകാപരമായ ഇത്തരം പ്രവർത്തനങ്ങൾ ഇനിയും മറ്റ് പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ മെഡിക്കൽ ഓഫീസറും ടീമും ഉദ്ദേശിക്കുന്നു. പഞ്ചായത്തിന്റെ സഹകരണവും മികച്ച രീതിയിൽ ലഭിക്കുന്നുണ്ട്.

# വികസന മുന്നേറ്റവുമായി സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രി



വയനാട്: കുടിയേറ്റ മേഖലയുടെ ആരോഗ്യം ഉറപ്പാക്കാൻ സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിൽ ഉറപ്പാക്കി ആരോഗ്യവകുപ്പ്. ആശുപത്രിയിൽ നിലവിലുള്ള കിടക്കകളുടെ എണ്ണം 57 ആണ്. ശരാശരി 1200 പേർ ഔട്ട് പേഷ്യന്റ് വിഭാഗത്തിലെത്തുന്നു. മാസത്തിൽ 35 ഓളം പ്രസവങ്ങളും, മേജർ, മൈനർ ഉൾപ്പെടെ 100 ഓളം ശസ്ത്രക്രിയകളും ഇവിടെ നടത്തുന്നുണ്ട്. ശസ്ത്രക്രിയ, ശിശുരോഗവിഭാഗം, സ്ത്രീരോഗ വിഭാഗം, ഇ.എൻ.ടി ആന്റ് ഓഡിയോളജി, അസ്ഥിരോഗവിഭാഗം, നേത്രരോഗവിഭാഗം ആന്റ് ഒപ്റ്റോമെട്രി, ശ്വാസകോശരോഗ വിഭാഗം, അനസ്ത്യേഷ്യ, ദന്തരോഗവിഭാഗം, പി.പി യൂണിറ്റ്, ബ്ലഡ് ബാങ്ക്, എക്സറേ, അൾട്രാസൗണ്ട് സ്കാനിംഗ്, ഐ.സി.ടി.സി ഓപ്പറേഷൻ തീയേറ്റർ, ആംബുലൻസ് സർവ്വീസ് യൂണിറ്റ്, ട്രൈബൽ മൊബൈൽ യൂണിറ്റ്, എൻ.സി.ഡി ക്ലിനിക്ക്, പോസ്റ്റ്മാർട്ടം യൂണിറ്റ്, ഭൂമിക, ന്യൂട്രീഷ്യൻ സെന്റർ തുടങ്ങിയ സൗകര്യങ്ങൾ ഇവിടെയുണ്ട്. നിലവിൽ സൂപ്രണ്ട്, കൺസൾട്ടന്റ് (ഇ.എൻ.ടി)–1, കൺസൾട്ടന്റ് (ജനറൽ സർജറി–1, കൺസൾട്ടന്റ് (ജനറൽ മെഡിസിൻ)–1, കൺസൾട്ടന്റ് (ഗൈനക്കോളജി)–1, ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ)–1, ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) –1, ജൂനിയർ കൺസൾട്ടന്റ് (സർജറി)–1, ജൂനിയർ കൺസൾട്ടന്റ് (ഡെർമറ്റോളജി)–1, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രീക്സ്)– 2, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി)– 2, ജൂനിയർ കൺസൾട്ടന്റ് അനസ്ത്യേഷ്യ) –2, ജൂനിയർ കൺസൾട്ടന്റ് (റെസ്പിറേറ്ററി മെഡിസിൻ) –1, ജൂനിയർ കൺസൾട്ടന്റ്(ഒഫ്താൽമോളജി)–1, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ–4, അസിസ്റ്റന്റ് സർജൻ–1, അസിസ്റ്റന്റ് ഡെന്റൽ സർജൻ –1, എന്നിങ്ങനെ വിവിധ ഭാഗങ്ങളിലായി സ്പെഷ്യാലിറ്റി ഡോക്ടർമാർ അടക്കം 23 ഡോക്ടർമാർ, സ്റ്റാഫ് നേഴ്സ്–19, എന്നിങ്ങനെ 89 സ്ഥിരം ജീവനക്കാരുടെ അംഗീകൃത തസ്തികകളുണ്ട്. ഇതിനു പുറമെ ഒരു അനസ്ത്യേഷ്യ ഡോക്ടർ, 3 മെഡിക്കൽ ഓഫീസർമാർ ഉൾപ്പെടെ 55 താൽക്കാലിക ജീവനക്കാരെ എൻ.എച്ച്.എം മുഖാന്തരം നിയമിച്ചിട്ടുണ്ട്. കൂടാതെ എച്ച്.എം.സി കാസ്പ്, അഡ്ഹോക് തുടങ്ങിയവ മുഖാന്തരം 96 താൽക്കാലിക ജീവനക്കാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ആശുപത്രിയിൽ മൊത്തം 247 ജീവനക്കാരുടെ സേവനമാണ് നിലവിലുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ജൂനിയർ കൺസൾട്ടന്റ് (അനസ്ത്യേഷ്യ)–1, ജൂനിയർ കൺസൾട്ടന്റ് (ഡെർമറ്റോളജി–1)എന്നിങ്ങനെ 2 സ്പെഷ്യലിറ്റി ഡോക്ടർമാർ ഉൾപ്പെടെ 18 ജീവനക്കാരുടെ സ്ഥിരം തസ്തികകൾ സൃഷ്ടിച്ചു. 3 സ്റ്റാഫ് നേഴ്സിന്റെ അധിക തസ്തികകളും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

# കാൻസർ പ്രതിരോധ ജനകീയ കാമ്പയിൻ : കലാ–ശാസ്ത്രീയ കൂട്ടായ്മ സംഘടിപ്പിച്ചു



കൊല്ലം: കാൻസർ പ്രതിരോധത്തിനും ചികിത്സക്കുമായി ആരോഗ്യ വകുപ്പ് ആരംഭിച്ച 'ആരോഗ്യം ആനന്ദം, അകറ്റാം അർബുദം' കാമ്പയിനിന്റെ പ്രചരണാർഥം കലാ– ശാസ്ത്രീയ കൂട്ടായ്മ സംഘടിപ്പിച്ചു. കൊല്ലം മൂതാക്കര പാരിഷ് ഹാളിൽ സംഘടിപ്പിച്ച പരിപാടി ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു. കൊല്ലം ജില്ല കാൻസർ സ്ക്രീനിങ് മികച്ച രീതിയിലാണ് നടപ്പിലാക്കുന്നതെന്നും, ശൈലി സർവേയിലടക്കം കൊല്ലം മികച്ച മുന്നേറ്റം കാഴ്ച വെച്ചത് മറ്റു ജില്ലകൾക്ക് മാതൃകയാണെന്നും ചടങ്ങ് ഉദ്ഘാടനം ചെയ്തു കൊണ്ട് മന്ത്രി അഭിപ്രായപ്പെട്ടു കാൻസർ ക്യാമ്പയിനിന്റെ ഭാഗമായി വാടി നഗര ജനകീയാരോഗ്യ കേന്ദ്രത്തിന്റെ പരിധിയിൽ വരുന്ന 3 വാർഡുകളിലായി ഏകദേശം മൂവ്വായിരത്തോളം വരുന്ന വീടുകളിൽ വിവിധ വിഭാഗത്തിലുള്ള ആരോഗ്യ പ്രവർത്തകർ നേരിട്ടെത്തി ക്യാൻസർ സ്ക്രീനിങ് പൂർത്തിയാക്കുകയും ചെയ്തു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡോ. പി.കെ ഗോപൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. സിനിമ–സീരിയൽ താരം വിജയകുമാരി ചടങ്ങിൽ മുഖ്യ അതിഥിയായി എത്തുകയും അർബുദം രോഗം സംബന്ധിച്ചുള്ള അനുഭവങ്ങൾ പങ്കു വെയ്ക്കുകയും ചെയ്തു. ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ റീന വിഷയാവതരണം നടത്തി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എ. അനിത സ്വാഗതവും , ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ദേവ് കിരൺ നന്ദിയും പറഞ്ഞു. കോർപ്പറേഷൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ യു പവിത്ര, ആയുഷ്, ഹോമിയോ ജില്ല മെഡിക്കൽ ഓഫീസർമാർ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ സംസാരിച്ചു. പരിപാടിയുടെ ഭാഗമായി വിവിധ വിഭാഗത്തിലുള്ള ജീവനക്കാരുടെ മെഗാ തിരുവാതിരയും തുടർന്ന് ജില്ലയിലെ ഡോക്ടർമാർ, ആർ.ബി.എസ്.കെ നഴ്സുമാർ, എം.എൽ.എസ്.പി ജീവനക്കാർ, ആശാ പ്രവർത്തകർ തുടങ്ങിയവർ അവതരിപ്പിച്ച വിവിധ ബോധവത്കരണ കലാപരിപാടികളും അരങ്ങേറി.

കൊച്ചിയുടെ ആരോഗ്യം കാക്കാൻ

# 6 നഗര ജനകീയ ആരോഗ്യകേന്ദ്രങ്ങൾ കൂടി




എറണാകുളം: കൊച്ചി കോർപ്പറേഷനിൽ 6 നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ കൂടി പ്രവർത്തനം ആരംഭിച്ചു. ഇതോടെ കൊച്ചി നഗരത്തിലെ നഗര ജനകീയ ആരോഗ്യകേന്ദ്രങ്ങളുടെ എണ്ണം 22 ആയി. കൊച്ചി കോർപ്പറേഷനിൽ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഭാഗമായി 38 കേന്ദ്രങ്ങൾക്കാണ് അനുമതി.

മാമംഗലത്ത് ആരംഭിച്ച നഗര ജനകീയാരോഗ്യകേന്ദ്രം ഹൈബി ഈഡൻ എം പി ഉദ്ഘാടനം ചെയ്തു. മേയർ എം അനിൽകുമാർ, വി കെ മിനിമോൾ തുടങ്ങിയവർ പങ്കെടുത്തു. ഗാന്ധിനഗർ, പനയപ്പിള്ളി, മുൻവലി, പച്ചാളം, പൊന്നുരുന്നി വെസ്റ്റ് എന്നിവിടങ്ങളിലാണ് മറ്റ് കേന്ദ്രങ്ങൾ ആരംഭിച്ചത്.

മുൻവേലി, പനയപ്പിള്ളി ജനകീയാരോഗ്യ കേന്ദ്രങ്ങൾ കെ ജെ മാക്സി എം എൽ എ ഉദ്ഘാടനം ചെയ്തു. വിപുലമായ സൗകര്യങ്ങളോടെയാണ്കേന്ദ്രങ്ങൾ ആരംഭിച്ചത്. ഉച്ചക്ക് 2 മുതൽ 7 വരെ ഡോക്ടറുടെ സേവനം ലഭ്യമാകും. ജില്ലയിലെ എല്ലാ നഗരസഭകളിലും നഗര ജനകീയാരോഗ്യകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 13 നഗരസഭകളിൽ 49 കേന്ദ്രങ്ങൾ ആരംഭിച്ചു.

ജീവിതശൈലി രോഗങ്ങളെ ചെറുക്കാൻ

# ജീവതാളം രണ്ടാം ഘട്ടത്തിലേക്ക്



കോഴിക്കോട്: ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ കടലുണ്ടി, ഒളവണ്ണ പഞ്ചായത്തുകളിൽ ജീവ താളം രണ്ടാം ഘട്ട പദ്ധതി ആരംഭിച്ചു. വർദ്ധിച്ചുവരുന്ന ജീവിതശൈലി രോഗങ്ങളെ നേരത്തെ കണ്ടെത്തുകയും ഇതിനായി ആവശ്യമായ പരിശോധനകളും മരുന്നുകളും വ്യായാമ രീതികളും നടത്തി ജീവിതശൈലി രോഗങ്ങളെ നിയന്ത്രിക്കുന്നതിനായാണ് ഈ പദ്ധതി. പഞ്ചായത്തിലെ വിവിധ തൊഴിൽ വിഭാഗങ്ങളിലെ ആളുകളെ കേന്ദ്രീകരിച്ചാണ് രാംഘട്ടത്തിൽ പദ്ധതി നടപ്പിലാക്കുന്നത്. ഇതിൻറെ ഭാഗമായി കടലുണ്ടി പഞ്ചായത്തിൽ മണ്ണൂർ വളവിലും കടലുണ്ടി റെയിൽവേ ക്രോസ് ജംഗ്ഷനിലും ജീവതാളം സ്ക്രീനിങ് ക്യാമ്പ് സംഘടിപ്പിച്ചു.

കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡ് ടി.കെ ഷൈല ഉദ്ഘാടനം ചെയ്തു, ബ്ലോക്ക് ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ റംല പുത്തലത്ത് അധ്യക്ഷയായി. വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സജിത പൂക്കാടൻ, ബ്ലോക്ക് മെമ്പർ ഷീന, ബ്ലോക്ക് ആസൂത്രണ സമിതി ഉപാധ്യക്ഷൻ പത്മലോചനൻ, കടലുി ഗ്രാമപഞ്ചായത്ത് ആസൂത്രണ സമിതി ഉപാധ്യക്ഷൻ ഭക്തവത്സലൻ, സുരേഷ് പുഴക്കൽ, അഷ്റഫ് സി.സി, ശൈലേന്ദ്രൻ നാഥ് എ, ഒളവണ്ണ ഹെൽത്ത് സൂപ്പർവൈസർ പത്മനാഭൻ, കടലുണ്ടി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ രമേശ്, ആശാ പ്രവർത്തകരായ ശാലിനി. കെ, പ്രിൻസി. പി. എന്നിവരും സംസാരിച്ചു.

# ആരോഗ്യത്തെ വരുതിയിലാക്കാൻ നഗരാരോഗ്യകേന്ദ്രങ്ങൾ



കാസറഗോഡ്: നഗര പ്രദേശങ്ങളിലെ ജനങ്ങൾക്ക് ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിനായി ആരംഭിച്ച പദ്ധതിയാണ് ദേശീയ നഗരാരോഗ്യദൗത്യം. കേരളത്തിലെ നഗരസഭകളുടെ മേൽനോട്ടത്തിൽ നഗരവാസികളായ ജനങ്ങളുടെ ആരോഗ്യനില മെച്ചപ്പെടുത്തുന്നതിനും അവർക്ക് സൗകര്യപ്രദമായ സമയങ്ങളിൽ ചികിത്സാ ഉറപ്പുവരുത്തുന്നതിനും കൂടാതെ ഫീൽഡ് തല പ്രവർത്തനങ്ങളിലൂടെ രോഗപ്രതിരോധ ആരോഗ്യ ബോധവത്കരണ പ്രവർത്തനങ്ങളുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത് .

കേരളത്തിൽ ഇത്തരത്തിൽ 14 ജില്ലകളിലായി 102 നഗര കുടുംബാരോഗ്യകേന്ദ്രങ്ങളാണ് പ്രവർത്തിക്കുന്നത്. കാസറഗോഡ് ജില്ലയിൽ മൂന്ന് നഗരസഭകളിലുമായി കാസറഗോഡ്, നീലേശ്വരം, കാഞ്ഞങ്ങാട് എന്നിവിടങ്ങളിൽ ഇ സെന്ററുകൾ പ്രവർത്തിക്കുന്നു. ദിവസേന ഒരു മണി മുതൽ 7 മണി വരെയുള്ള ഒ.പി സേവനം, തിരഞ്ഞെടുക്കപ്പെട്ട ദിവസങ്ങളിലെ സ്പെഷിലിറ്റി ഡോക്ടർമാരുടെ സേവനങ്ങൾ, ലബോറോട്ടറി, ഫാർമസി, ഡെന്റൽ വിഭാഗം, അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ പരിരക്ഷ, ഫീൽഡ് തല രോഗപ്രതിരോധ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ ,ബോധവത്കരണ പ്രവർത്തനങ്ങൾ എന്നിവ ഈ കേന്ദ്രങ്ങൾ വഴി നടത്തിവരുന്നു. കൂടാതെ ഇ സഞ്ജീവനി പദ്ധതിയിലൂടെ എല്ലാ സ്പെഷ്യൽറ്റി, സൂപ്പർ സ്പെഷ്യൽറ്റി ഓൺലൈൻ കൺസൾറ്റേഷൻ സംവിധാനവും ഒരുക്കീട്ടുണ്ട്.

നഗരസഭകൾക്ക് 15 ആം ധനകാര്യ കമ്മീഷൻ വഴി അനുവദിച്ച ഗ്രാന്റ് ഉപയോഗിച്ച് നഗരാരോഗ്യ കേന്ദ്രങ്ങളുടെ കീഴിൽ പുതുതായി നഗര ജനകീയ ആരോഗ്യകേന്ദ്രങ്ങളും ഇപ്പോൾ സജ്ജമാക്കിട്ടുണ്ട്. കേരളത്തിൽ ഇത്തരത്തിൽ 264 കേന്ദ്രങ്ങളാണ് ഉള്ളത്. കാസറഗോഡ് ജില്ലയിൽ മൂന്ന് കേന്ദ്രങ്ങളുടെ കീഴിലായി മൂന്ന് വീതം 9 ജനകീയ ആരോഗ്യ കേന്ദ്രങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളത്. ഈ കേന്ദ്രങ്ങളിൽ മെഡിക്കൽ ഓഫീസർമാർ, സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ് എന്നിവരെ നിയമിക്കുകയും ചെയ്തു. ഉച്ചക്ക് 12 മുതൽ വൈകുന്നേരം 6 വരെയാണ് ഇതിന്റെ പ്രവർത്തനം. ജില്ലയിലെ നഗര പ്രദേശങ്ങളിലെ വിവിധ ഭാഗങ്ങളിൽ ഇത്തരത്തിൽ സെന്ററുകൾ പ്രവർത്തിക്കുന്നതിനാൽ ജനങ്ങൾക്ക് പ്രാഥമിക ആരോഗ്യ പരിരക്ഷ പ്രത്യേകിച്ചും വൈകുന്നേരങ്ങളിൽ ഉറപ്പുവരുത്താനാകും. ആരോഗ്യ പരിരക്ഷ അവരുടെ തൊട്ടടുത്ത് നൽകുക എന്നതാണ് നാഗരാരോഗ്യ ദൗത്യത്തിലൂടെ ലക്ഷ്യമിടുന്നത്. നഗരത്തിൽ വസിക്കുന്നവരുടെ തിരക്കേറിയ ജീവിത രീതിയിൽ രാത്രി വരെയുള്ള ആരോഗ്യസേവനം ഒരുപാട് ആശ്വാസമാകും.



ആരോഗ്യം ആനന്ദം ജനകീയ കാമ്പയിൻ പ്രചരണാർത്ഥം ബലൂണുകൾ പറത്തുന്നു

## കാൻസർ പ്രതിരോധ ജനകീയ കാമ്പയിൻ

# സുംബ നൃത്തച്ചുവടുകളുമായി 1000 വനിതകൾ

കോട്ടയം: ആരോഗ്യം സംരക്ഷിക്കാനുള്ള സന്ദേശം പകർന്ന് ആയിരത്തിലധികം വനിതകൾ ആനന്ദത്തോടെ സുംബാ നൃത്തച്ചുവടുകൾ വച്ച് അർബുദ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഉണർവേകി.

'ആരോഗ്യം ആനന്ദം അകറ്റാം അർബുദം' പരിപാടിയുടെ പ്രചരണാർത്ഥം ആരോഗ്യ വകുപ്പ് കോട്ടയം പോലീസ് പരേഡ് ഗ്രൗണ്ടിൽ സംഘടിപ്പിച്ച മെഗാ സുംബ ഡാൻസ് പരിപാടി വ്യത്യസ്തമായി.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഹേമലത പ്രേം സാഗറും നഗരസഭാധ്യക്ഷ ബിൻസി സെബാസ്റ്റ്യനും 'ആരോഗ്യം ആനന്ദം കാമ്പയിൻ' ജില്ലാ ബ്രാൻഡ് അംബാസിഡറും കാൻസർ അതിജീവിതയുമായ നിഷ ജോസ് കെ. മാണിയും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സുംബയുടെ നൃത്തച്ചുവടുകൾ വച്ച് ഒപ്പം കൂടി.

ജില്ലയിലെ 11 ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നുള്ള ടീമുകൾ ചേർന്നവതരിപ്പിച്ച മെഗാ സുംബാ നൃത്തത്തിൽ ആരോഗ്യ വകുപ്പ് ജീവനക്കാരും സിവിൽ സ്റ്റേഷനിലെ ജീവനക്കാരുമടക്കം പങ്കാളികളായി.

പ്രായഭേദമന്യേ ഒരേ മനസോടെ എല്ലാവരും ഒന്നിച്ച് ചുവടുകൾ വച്ചപ്പോൾ കാൻസറിനെ തിരിച്ചറിഞ്ഞും ചികിത്സിച്ചും പരാജയപ്പെടുത്താൻ ഏവരും ഒറ്റക്കെട്ടാണെന്ന നിശബ്ദ പ്രഖ്യാപനം കൂടിയായി. ആരോഗ്യ സംരക്ഷണത്തിൽ ശരീരത്തിന്റെയും മനസിന്റെയും വ്യായാമം എത്ര പ്രാധാന്യമുള്ളതാണെന്ന്ബോധ്യപ്പെടുത്തുന്നതിനു കൂടിയാണ് ഇത്തരത്തിൽ പരിപാടി സംഘടിപ്പിച്ചത്. നൃത്തത്തിനു ശേഷം ജീവനക്കാർ ഒന്നാകെ പിങ്ക് ബലൂണുകൾ ആകാശത്തേയ്ക്ക് പറത്തി.

പരിപാടി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഹേമലത പ്രേം സാഗർ ഉദ്ഘാടനം ചെയ്തു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൻ. പ്രിയ അധ്യക്ഷത വഹിച്ചു. ബ്രാൻഡ് അംബാസഡർ നിഷ ജോസ് കെ. മാണി വിശിഷ്ടാതിഥിയായി. നഗരസഭാധ്യക്ഷ ബിൻസി സെബാസ്റ്റ്യൻ, ജില്ലാ പഞ്ചായത്ത് അംഗം പി.ആർ. അനുപമ, നഗരസഭാംഗം റീബാ വർക്കി, എ.ഡി.എം. എസ്. ശ്രീജിത്ത്, ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. പി.എൻ. വിദ്യാധരൻ, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. വ്യസ് സുകുമാരൻ, മാസ് മീഡിയാ ഓഫീസർ സി.ജെ. ജെയിംസ് എന്നിവർ പ്രസംഗിച്ചു.

ക്യാമ്പയിന്റെ ഭാഗമായി സിവിൽ സ്റ്റേഷനിലെ വനിതാ ജീവനക്കാർക്കായി ജില്ലാ പഞ്ചായത്ത് ഹാളിൽ സ്ക്രീനിങ് ക്യാമ്പ് നടത്തി.



കേരള കെയർ

# രാജ്യത്തിന് മാതൃകയായി പാലിയേറ്റീവ് കെയർ ഗ്രിഡ്



തിരുവനന്തപുരം: ഇന്ത്യയിൽ സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ ഏറ്റവും മികച്ച രീതിയിൽ നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം. കേരളത്തിലെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളെ ലോകാരോഗ്യ സംഘടന മാതൃകയായി അംഗീകരിച്ചിട്ടുമുണ്ട്. ഈ രീതിയിൽ മികച്ച മുന്നേറ്റം നടത്തുന്ന കേരളം പാലിയേറ്റീവ് പരിചരണ രംഗം മറ്റൊരു സുപ്രധാന ഘട്ടത്തിലേക്ക് കടന്നിരിക്കുകയാണ്. 'കേരള കെയർ' എന്ന പേരിൽ പാലിയേറ്റീവ് കെയർ ഗ്രിഡ് രൂപീകരിച്ചിരിക്കുകയാണ്.

സർക്കാർ, സന്നദ്ധ മേഖലകളിൽ പ്രവർത്തിക്കുന്ന മുഴുവൻ പാലിയേറ്റീവ് കെയർ യൂണിറ്റുകളേയും ഉൾക്കൊള്ളിച്ചു കൊണ്ടാണ് പാലിയേറ്റീവ് കെയർ ഗ്രിഡ് രൂപീകരിച്ചിരിക്കുന്നതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. നവകേരളം കർമ്മപദ്ധതി രണ്ട് ആർദ്രം മിഷനിലെ പത്ത് പ്രധാന പ്രവർത്തന മേഖലകളിലൊന്നാണ് പാലിയേറ്റീവ് കെയർ. ഇതിന്റെ ഭാഗമായി തയ്യാറാക്കിയ സമഗ്ര പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ പ്രകാരമാണ് പാലിയേറ്റീവ് കെയർ ഗ്രിഡ് രൂപീകരിച്ചത്. കിടപ്പിലായ ഓരോ രോഗിയുടെയും സമീപ പ്രദേശത്ത് പരിശീലനം ലഭിച്ച ഒരു സന്നദ്ധ പ്രവർത്തകന്റെ സേവനം ഉറപ്പാക്കി വരുന്നു. എല്ലാ ജില്ലകളിലും പാലിയേറ്റീവ് പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചു. ഇതിന് പുറമേയാണ് സാന്ത്വന പരിചരണം ഏകോപിപ്പിക്കുന്നതിന് പാലിയേറ്റീവ് കെയർ ഗ്രിഡ് രൂപീകരിച്ചിരിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെയാണ് പാലിയേറ്റീവ് പരിചരണം നടിപ്പിലാക്കി വരുന്നത്. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ അഭിമുഖ്യത്തിലാണ് ഗ്രിഡ് രൂപീകരിച്ചിട്ടുള്ളത്. ടെസ്റ്റ് റൺ, സെക്യൂരിറ്റി ഓഡിറ്റ് എന്നിവ പൂർത്തിയാക്കിയാണ് ഗ്രിഡ് സജ്ജമാക്കിയത്.

### പാലിയേറ്റീവ് കെയർ ഗ്രിഡിന്റെ പ്രത്യേകതകൾ

1. പുതിയ രോഗികളെ രജിസ്റ്റർ ചെയ്ത് തുടർപരിചരണം നൽകൽ
2. സന്നദ്ധ പ്രവത്തകരുടെ രജിസ്ട്രേഷനും പരിശീലനവും നൽകൽ
3. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തിവരുന്ന സന്നദ്ധ സംഘടനകൾക്ക് രജിസ്ട്രേഷൻ നൽകൽ
4. പൊതുജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ തിരഞ്ഞെടുക്കുവാനുള്ള സൗകര്യം
5. പ്രവർത്തങ്ങൾ വിലയിരുത്തുന്നതിന് സംസ്ഥാന, ജില്ലാ, പഞ്ചായത്ത്, വാർഡ് തലങ്ങളിൽ ഡാഷ് ബോർഡ്.
6. പൊതുജനങ്ങൾക്കുള്ള ഡാഷ് ബോർഡ്

## പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**ഡോ. വിനയ് ഗോയൽ ഐ.എ.എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.എച്ച്.എം

എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കൺസൾട്ടന്റ്, ബി.സി.സി

മാനേജിംഗ് എഡിറ്റർ
**ഡോണ തോമസ്**
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അസോ. എഡിറ്റർ
**ടി സ്മൃതി ലക്ഷ്മി**
കൺസൾട്ടന്റ്, സ്റ്റേറ്റ് മിഷൻ ഓഫീസ്

**കെ കെ ഷൈജിൽ**
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ

**ജിജിൽ മാത്യു**
കൺസൾട്ടന്റ് (ഡി&സി), ഇടുക്കി

**ഡാനി പ്രിയൻ**
കൺസൾട്ടന്റ് (ഡി&സി), തൃശ്ശൂർ

**ദിവ്യ ചേലാട്ട്**
കൺസൾട്ടന്റ് (ഡി&സി), കോഴിക്കോട്

**വിനു എ**
കൺസൾട്ടന്റ് (ഡി&സി), എറണാകുളം

**വിനീഷ് സി ആർ**
കൺസൾട്ടന്റ് (ഡി&സി), കോട്ടയം

**ആഗ്നൽ ജോസഫ്**
കൺസൾട്ടന്റ് (ഡി&സി), ആലപ്പുഴ

**വർഷ ജയപ്രകാശ്**
ജെ.സി (ഡി&സി), തിരുവനന്തപുരം

**പ്രീത എം**
ജെ.സി (ഡി&സി), പാലക്കാട്

**ദിവ്യ ഇ ആർ**
ജെ.സി (ഡി&സി), മലപ്പുറം

**ബിൻസി രവീന്ദ്രൻ**
ജെ.സി (ഡി&സി), കണ്ണൂർ

**കമൽ കെ ജോസഫ്**
ജെ.സി (ഡി&സി), കാസറഗോഡ്

**നിജിൽ കെ എസ്**
ജെ.സി (ഡി&സി), വയനാട്

**അജിത് കുമാർ പി എ**
ജെ.സി (ഡി&സി), പത്തനംതിട്ട

**അശ്വിനി രവീന്ദ്രൻ**
ജെ.സി (ഡി&സി), കൊല്ലം

**ശ്രീദേവി കെ എസ്**
ക്ലർക്ക് & ഡി.ഇ.ഒ, സ്റ്റേറ്റ് മിഷൻ ഓഫീസ്